# ഈമാനും ഇസ്‌ലാമും

ഇസ്‌ലാമിന്റെ പര്യായ പദമെന്നോണം ഉപയോഗിക്കാറുള്ള പദമാണ് ഈമാൻ. വിശ്വാസം, ദൃഢബോധ്യം, അംഗീകരണം, സമ്മതം എന്നൊക്കെയാണ് ഈമാനിന്റെ ഭാഷാർഥം. ഇസ്‌ലാമിക ആദർശങ്ങളിലുള്ള വിശ്വാസവും ദൃഢബോധ്യവുമാണ് അതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്. ഈ ബോധ്യവും വിശ്വാസവും ഉള്ള മനുഷ്യനെ 'മുഅ്മിൻ' (സത്യവിശ്വാസി) എന്നു പറയുന്നു. മുഅ്മിനിന്റെ മനസ്സിലുള്ള ബോധ്യത്തിന്റെയും വിശ്വാസത്തിന്റെയും പ്രയോഗവത്കരണമാണ് ഇസ്‌ലാം. അല്ലാഹുവിലുള്ള വിശ്വാസം ഈമാൻ കാര്യമാണ്; ആ വിശ്വാസം നാവുകൊണ്ട് സാക്ഷ്യപ്പെടുത്തുന്നത് ഇസ്‌ലാം കാര്യവും. ഈ നിലക്ക് മുസ്‌ലിംകളെല്ലാം മുഅ്മിനുകളും മുഅ്മിനുകളെല്ലാം മുസ്‌ലിംകളുമാകുന്നു.

ഒരു കാര്യം നന്നായി ചിന്തിച്ച് ഗ്രഹിച്ച് അംഗീകരിക്കുമ്പോഴാണ് അത് വിശ്വാസം (ഈമാൻ) ആകുന്നത്. അങ്ങനെയല്ലാത്ത സാമാന്യധാരണ ഈമാൻ അല്ലെങ്കിൽ ഇഅ്തിഖാദ് (വിശ്വാസം) ആകുന്നില്ല. എന്നാൽ സാമാന്യധാരണയുടെ അടിസ്ഥാനത്തിൽ പ്രമാണങ്ങളെ പ്രയോഗവത്കരിക്കുന്നവരും മുസ്‌ലിംകളുടെ ഗണത്തിൽ പെടുന്നു. അത്തരക്കാരെക്കുറിച്ചു ഖുർആൻ പറഞ്ഞു:

"...നിങ്ങൾ വിശ്വസിച്ചിട്ടില്ല. എങ്കിലും 'ഞങ്ങൾ മുസ്‌ലിംകളായിരിക്കുന്നു' (അസ്‌ലംനാ) എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. ഈമാൻ നിങ്ങളുടെ ഹൃദയങ്ങളിലേക്കു കടന്നിട്ടില്ല"(49: 14). പ്രവാചക ശിഷ്യനായ അനസിൽനിന്ന് അഹ്‌മദ് തന്റെ *മുസ്‌നദിൽ* ഉദ്ധരിച്ച ഒരു ഹദീഥിൽ ഇങ്ങനെ കാണാം: "ഇസ്‌ലാം പ്രത്യക്ഷമായതും ഈമാൻ മനസ്സിലുള്ളതുമാകുന്നു." ഇസ്‌ലാമെന്നാൽ പൊതുവായ സമ്മതവും തദടിസ്ഥാനത്തിലുള്ള കർമവും ഈമാൻ എന്നാൽ സുദൃഢമായ ആദർശ വിശ്വാസവുമാണെന്ന, ചില ദൈവശാസ്ത്രകാരന്മാരുടെ പ്രസ്താവനയെ ഈ പ്രമാണങ്ങൾ പിന്താങ്ങുന്നുണ്ട്. [നോ: ഈമാൻ]

ഇസ്‌ലാമിന്റെ അടിസ്ഥാന സത്യങ്ങളിൽ വിശ്വസിക്കാത്തവനാണ് കാഫിർ (നിഷേധി). അടിസ്ഥാന സത്യങ്ങളിൽ വിശ്വസിക്കുന്നവർ വിശ്വാസത്തിന്റെ ബലാബലമനുസരിച്ച് ഏറിയോ കുറഞ്ഞോ അതിന്റെ അനിവാര്യമായ താൽപര്യങ്ങൾ പ്രയോഗതലത്തിൽ അനുഷ്ഠിക്കുന്നവരായിരിക്കും. വിശ്വാസം അവകാശപ്പെടുകയും അതിന്റെ കർമപരമായ താൽപര്യങ്ങളെ പൂർണമായി വർജിക്കുകയും ചെയ്യുന്നവരുടെ വിശ്വാസവാദം വ്യാജമായിരിക്കും. ഉള്ളിൽ വിശ്വാസമൊട്ടുമില്ലാതെ, പ്രത്യക്ഷത്തിൽ ചില ഇസ്‌ലാമിക കർമങ്ങൾ അനുഷ്ഠിക്കുക മാത്രം ചെയ്യുന്നവർ കപടന്മാർ (മുനാഫിഖുകൾ) ആകുന്നു.

ഇസ്‌ലാമിന്റെ 11 അടിസ്ഥാന തത്ത്വങ്ങളിൽ ആറെണ്ണം വിശ്വാസപരവും അഞ്ചെണ്ണം കർമപരവുമാണെന്നു സൂചിപ്പിച്ചുവല്ലോ. ഒരാൾ അടിസ്ഥാനപരമായി മുഅ്മിൻ ആകുന്നതിന്, ദൃഢമായി അംഗീകരിച്ചിരിക്കേണ്ട പ്രമാണങ്ങളാണ് വിശ്വാസ പ്രമാണങ്ങൾ. സാങ്കേതികമായി ഇവയെ ഈമാൻ കാര്യങ്ങൾ എന്നാണ് പറഞ്ഞുവരാറുള്ളത്. ഈ പ്രമാണങ്ങളിൽ ഏതെങ്കിലുമൊന്ന് നിഷേധിക്കുന്നവൻ അവിശ്വാസിയും മുസ്‌ലിം സമൂഹത്തിൽനിന്ന് ഭ്രഷ്ടനുമാകുന്നു.